Draft #43 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 10-Jun-2022 04:54 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: എഡി.ബി-1 സെക്ഷൻറെ നിയന്ത്രണം എസ്റ്റേറ്റ് ഓഫീസർക്ക് നൽകുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6125/AD A1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.06.2022

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം. 59/AD A1/2021/എം.ജി.യു., തീയതി 04.01.2021.

2. 04.06.2022 തീയതിയിലെ എസ്റ്റേറ്റ് ഓഫീസറുടെ സമർപ്പണത്തിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാലയിൽ ഗ്രീൻ പ്രോട്ടോക്കോൾ, പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ, ഹെർബൽ ഗാർഡൻ എന്നിവയുടെ നോഡൽ സെക്ഷനായി എഡി.ബി-1 സെക്ഷനെ നിയോഗിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർവ്വകലാശാലാ ക്യാമ്പസിലെ ഭക്ഷണ ശാലകൾ, ഹോസ്റ്റലുകൾ, ക്ലീനിംഗ്, സൗന്ദര്യവൽക്കരണം, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ഭരണപരമായ ജോലികൾ എഡി.ബി-1, എഡി.ബി.-3 എന്നീ സെക്ഷനുകളാണ് കൈകാര്യം ചെയ്തുവരുന്നത്. പ്രസ്തുത സെക്ഷനുകളിൽ നടക്കുന്നത് സമാനസ്വഭാവമുള്ള ജോലികളാണെങ്കിലും നിലവിൽ ഇവ ഭരണവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 2, എസ്റ്റേറ്റ് ഓഫീസർ എന്നിവരുടെ നിയന്ത്രണത്തിലാണ്.

ആയത് പരിഷ്കരിച്ച്, എഡി.ബി-1 സെക്ഷൻറെ നിയന്ത്രണം കൂടി എസ്റ്റേറ്റ് ഓഫീസറുടെ ചുമതലയിലാക്കുന്നത് പ്രവർത്തികളുടെ ഏകോപനത്തിനും ലഘൂകരണത്തിനും സഹായകമാകുമെന്നതിനാൽ, എഡി.ബി-1 സെക്ഷൻറെ നിയന്ത്രണ ചുമതല കൂടി എസ്റ്റേറ്റ് ഓഫീസർക്ക് നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എസ്റ്റേറ്റ് ഓഫീസർ / ബന്ധപ്പെട്ട സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ /പ്രൊ -വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ധനകാര്യം/പരീക്ഷാ/അക്കാദമികം )

5. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവ്വകലാശാല
6. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ /ഐ.ക്യു.എ.സി./ഐ.ടി.സെൽ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #43 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 10-Jun-2022 04:54 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം